# പരിശുദ്ധാത്മനിറവ്

## യോഹന്നാൻ 14:16

''എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും.''

എന്നേക്കും കൂടെ ഇരിക്കുന്ന സത്യത്തിന്റെ ആത്മാവിനെ നിങ്ങൾക്കു തരും എന്ന് യേശുകർത്താവിന്റെ ഏറ്റം ശ്രേഷ്ഠമായ വാഗ്ദത്തമാണ് ഇന്ന് നാം ചിന്തിക്കുവാനായി എടുത്തിരിക്കുന്നത്. ദൈവമക്കൾക്ക് ലഭിക്കാവുന്നതിൽ അതി മഹത്വവും, ശ്രേഷ്ഠവുമായ വാഗ്ദത്തം തന്നെ എന്നു നമുക്ക് ഈ വാക്യത്തെ വിശേഷിപ്പിക്കാം. ഇമ്മാനുവേലായി മനുഷ്യരൂപം എടുത്ത് സ്വർഗ്ഗം വിട്ടിറങ്ങി വന്ന ദൈവപുത്രൻ, പിതാവിന്റെ അടുത്തേയ്ക്കു പോകുമ്പോഴും നിത്യമായ സാന്നിദ്ധ്യം ഉറപ്പു തരുകയാണ്.

ഒരു കാര്യസ്ഥനെയാണ് അവൻ ഏല്പിച്ചു തന്നത്. അതേ, സകല സത്യത്തിലും വഴി നടത്തപ്പെടുവാൻ മതിയായ ഒരു ദൈവസാന്നിദ്ധ്യം, ആത്മനിറവ് അതാകുന്നു കർത്താവ് നൽകിയത്. സത്യാത്മാവിനാൽ നിയന്ത്രിതമായ ജീവിതത്തിന് ഇന്ന് എത്രയേറെ വില കൊടുക്കുന്നുവെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ആത്മാവിന്റെ നിരന്തര സാന്നിദ്ധ്യം, സത്യാത്മാവിന്റെ നടത്തിപ്പ് ജീവിതത്തിന്റെ എല്ലാ മേഖലകളെയും നിയന്ത്രിക്കുവാൻ വിട്ടു കൊടുക്കുന്ന ഒരു അവസ്ഥയിലേക്ക് നയിക്കും. ആത്മനിറവിന്റെ പ്രകടമായ ലക്ഷണം അതാകുന്നു. എന്നാൽ ആത്മനിറവും ദൈവസാന്നിദ്ധ്യവും ഒക്കെ മറ്റു പലതിലും ആണെന്ന വ്യർത്ഥമായ ധാരണയിൽ അറിഞ്ഞോ അറിയാതെയോ വിശ്വാസികൾ പലതിനെയും അനുകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

ദൈവവചനം പറയുന്നു. 'പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്' (അപ്പൊ. പ്രവ.1:9) അതേ, ആത്മാവിന്റെ സാന്നിദ്ധ്യം ശക്തിയുടെ ഉറവിടമാകുന്നു. എന്നാൽ ദൈനംദിന ജീവിതത്തിൽ വിശ്വാസിക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സാക്ഷ്യവുമാകുന്നു ഇത്. കാരണം ശക്തിയും ജീവനും ഇല്ലാതെ ബലഹീനപ്പെട്ടുകൊണ്ട് ജീവിതത്തിന്റെ ഏതു സാഹചര്യവും മേഖലകളുമായി ഇടകലരുന്ന കാഴ്ചയാണ് കാണുന്നത്. ആദിമനൂറ്റാണ്ടിൽ ആത്മനിറവ് ലഭിച്ച ശിഷ്യഗണത്തിന് വലിയ മാറ്റം ഉണ്ടായി.

കർത്താവിന്റെ കൂടെ നടന്ന ശിഷ്യന്മാർ അവനെ പൂർണ്ണമായും മനസ്സിലാക്കിയതും ഉള്ളിലേക്ക് ആവാഹിച്ചതും പരിശുദ്ധാത്മ പകർച്ച ഉണ്ടായ പെന്തിക്കോസ്തിയിലായിരുന്നല്ലോ.

ആത്മാവിന്റെ വാഗ്ദത്തം കർത്താവിലുള്ള ഓരോ വിശ്വാസിയുടെയും അവകാശമാണ്. അനുഗ്രഹമാണ്. അതേ, സ്വർഗ്ഗസ്ഥനായ പിതാവ് പരിശുദ്ധാത്മാവിനെ എത്ര അധികമായി നമുക്ക് തരും എന്നതാണ് വചനത്തിന്റെ ഉറപ്പ്. എന്നാൽ ഈ വാഗ്ദത്തം ഗലാത്യർ 3:14 ൽ പറയുന്നതുപോലെ വിശ്വാസത്താൽ പ്രാപിക്കേണ്ടതാകുന്നു. തീർച്ചയായും പരിശുദ്ധാത്മനിറവ് ദൈവപൈതലിന് വേണമെങ്കിൽ ആവാം എന്നുള്ള ഒരു തിരഞ്ഞെടുപ്പ് അല്ല, അത് അത്യന്താപേക്ഷിതമാണ്. ഒരു പക്ഷിക്ക് ഒരിക്കലും മറ്റൊരു പക്ഷിയുടെ ചിറക് ധരിച്ചുകൊണ്ട് പറക്കുവാൻ സാധിക്കില്ല. ഇതുപോലെ തന്നെയാണ് ദൈവ മക്കളുടെയും ജീവിതം. വ്യക്തിപരമായി കർത്താവിന്റെ സന്നിധിയിൽ നിന്ന് ഈ പരിശുദ്ധാത്മനിറവ് പ്രാപിക്കണം. വ്യക്തി നിറഞ്ഞാലേ കുടുംബം നിറയുവാൻ ഇടയാകൂ. തന്മൂലം സഭയും സമൂഹവും ശക്തിയുടെയും ഒരുമനപ്പെടലിന്റെയും നിറവിലേക്ക് വളരും.

ബാബേലിൽ തകർത്തതായ ഭാഷ പെന്തിക്കോസ്തിയിൽ ഒരുമിക്കപ്പെട്ടു. ഒരുമിപ്പിക്കുന്ന പരിശുദ്ധാത്മശക്തി ഓരോ നിമിഷവും സഭയെ ഒരു ശരീരമായി വളരുന്ന മനോഹരമായ തലത്തിലേക്ക് ഒരുക്കിക്കൊണ്ടിരിക്കുന്നു. പെന്തിക്കോസ്തിയിൽ ഇറങ്ങിവന്ന ശക്തി, കർത്തൃസാന്നിദ്ധ്യം പിന്നീട് ഒരിക്കലും മാറി നിൽക്കുന്നില്ല. ഇതാകുന്നു നമ്മുടെ ബലം. അന്ത്യത്തോളം, ലോകാവസാനം വരെ കൂടെ ഇരുന്നു വഴി നടത്തുവാൻ മതിയായ ശക്തി. സത്യാത്മാവിന്റെ ഈ നിറഞ്ഞ അനുഭവത്തിൽ അനുദിനം വളരുവാൻ നമ്മെ ഏല്പിച്ചു കൊടുക്കാം. ഒരു വ്യക്തിഗത ശോധന നടത്തി എവിടെയൊക്കെ കുറവുണ്ടോ അവയൊക്കെ പരിഹരിക്കുവാൻ യേശുകർത്താവ് സഹായിക്കട്ടെ. ആത്മനിറവ് ഉണ്ടെങ്കിൽ ശക്തിയുണ്ട്, ജീവനുണ്ട്, ഒരുമയുണ്ട്, വളർച്ചയുണ്ട്. ഈ ഭാവത്തിൽ നിത്യതയോളം ജീവിക്കുവാൻ പരിശുദ്ധാത്മശക്തി സഹായിക്കട്ടെ. നമുക്ക് പ്രാർത്ഥിക്കാം.

**പരാമർശം:**

റോമർ 8:26

അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണനില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 123**